# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3335 | 14.03.2018 - ൽ മറുപടിക്ക്

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | നിലവിൽ ആരോഗ്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ 190 ഒഴിവുകൾ നിലവിലുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു:<br>1. തിരുവനന്തപുരം : 25<br>2. കൊല്ലം : 23<br>3. പത്തനംതിട്ട : 23<br>4. ആലപ്പുഴ : 20<br>5. കോട്ടയം : 5<br>6. ഇടുക്കി : 34<br>7. എറണാകുളം : 10<br>8. തൃശ്ശൂർ : 27<br>9. പാലക്കാട് : 4<br>10. കോഴിക്കോട് : 0<br>11. മലപ്പുറം : 2<br>12. വയനാട് : 11<br>13. കണ്ണൂർ : 2<br>14. കാസർഗോഡ് : 4 |
| ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -I ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഈ കാലതാമസത്തിന് കാരണം; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| സി) | സ്ഥാനക്കയറ്റം നൽകുന്നതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ യഥാസമയം ഒഴിവുകൾ | സി) | സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസുകളിലെ നടപടികൾ വേഗത്തിലാക്കി ബഹു. കോടതിയിൽ നിന്നും ഉത്തരവു വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോടതി ഉത്തരവ് |

| | | | |
|---|---|---|---|
| | നികത്താത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിന് ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | ലഭിക്കുന്നമുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുകയും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നടത്തുകയും തൻമൂലം നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് നിയമനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Milan

സെക്ഷൻ ഓഫീസർ